ഇഹ്സാൻ

# 'യശോധാവള്യം' ചൂടി ഉമർ

**ശ്രീനഗറിൽനിന്നും** ഏറിയാൽ രണ്ടു മണിക്കൂർ കൊണ്ടെത്താവുന്ന ഒരു ഉൾനാടൻ കശ്മീരി പട്ടണമാണ് സോഫിയാൻ. പക്ഷേ അവിടംവരെയൊന്നു പോകാൻ ഇതേവരെ സംസ്ഥാന മുഖ്യമന്ത്രി ഉമർ അബ്ദുല്ലക്കു കഴിഞ്ഞിട്ടില്ല. കാരണം എന്തു തന്നെയുമാവാം. ഒരുപക്ഷേ സ്വന്തം വാക്കുകൾ വിഴുങ്ങേണ്ടി വന്നതിന്റെ വൈക്ലബ്യമാവാം. അതല്ലെങ്കിൽ സുരക്ഷാ ഭീഷണികളാവാം. എന്തുതന്നെയായാലും കശ്മീരികൾക്ക് ഉമറിനെ കുറിച്ച മുൻധാരണകൾ അപകടകരമാംവിധം ശക്തിപ്പെട്ടുകഴിഞ്ഞു. കശ്മീർ എന്താണെന്ന് പുതിയ മുഖ്യമന്ത്രിക്ക് അറിയില്ലെന്നാണ് അവർ പറഞ്ഞുകൊണ്ടിരുന്നത്. ബശാറത്ത് പീർ എഴുതിയ ലേഖനത്തിൽനിന്ന്: 'മുട്ടിന് മുട്ടിന് പരിശോധനക്കായി വാഹനം നിർത്തിയിട്ടു കൊടുക്കേണ്ട കശ്മീരിയുടെ ദുരിതം ഉമറിന് അനുഭവിക്കേണ്ടിവന്നിട്ടുണ്ടാവില്ല. ഒപ്പം പഠിച്ചവരെയും കൂട്ടുകാരെയും ഒരു സുപ്രഭാതത്തിൽ കാണാതാവുന്നതിന്റെ വേദന ഉമർ അറിഞ്ഞിട്ടുണ്ടാവില്ല. സുരക്ഷാഭടനു മുമ്പിൽ ഇരു കൈകളും പൊക്കിപ്പിടിച്ച് തന്റെ തിരിച്ചറിയൽ കാർഡ് നീട്ടിപ്പിടിക്കേണ്ട സാഹചര്യം ഉമറിനുണ്ടായിട്ടില്ല. രാത്രിയിൽ തുറന്ന മൈതാനങ്ങളിലേക്ക് ആട്ടിത്തെളിക്കപ്പെട്ട് അവിടെ നിലംപറ്റി കുനിഞ്ഞിരിക്കുന്ന റെയ്ഡുകളെ കുറിച്ചും ഉമർ കേട്ടിട്ടുണ്ടാവില്ല. അയാൾ കശ്മീരിനെ അറിഞ്ഞുകൂടാത്തവനാണ്. മനസ്സിൽ ഭയവുമായി തലമുറകളായി ജീവിക്കുന്നവരാണ് ദശലക്ഷക്കണക്കിന് കശ്മീരികൾ. അവർ എന്ത് ചിന്തിക്കുന്നുവെന്നത് ഉമർ തിരിച്ചറിയുന്നില്ല....

അതേസമയം, നാഷ്നൽ കോൺഫറൻസിലെ ഇപ്പോഴത്തെ നേതാക്കളിൽ കശ്മീരിന് സങ്കൽപ്പിക്കാനാവുന്ന ഏറ്റവും മെച്ചപ്പെട്ട മുഖ്യമന്ത്രി ഉമർ അബ്ദുല്ലയാണെന്നാണ് നമ്മുടെ മാധ്യമങ്ങൾ പ്രചരിപ്പിച്ചത്. കശ്മിരിന്റെ സംഘർഷഭരിതമായ കാലഘട്ടത്തിനൊപ്പം വളർന്ന നേതാക്കളിൽ പെട്ടവരാണ് യാസീൻ മലിക്കും മൗലവി മിർവായിസും ഉമർ അബ്ദുല്ലയുമൊക്കെ. അതേസമയം ഇവരിൽ ഉമറല്ലാത്ത രണ്ടുപേരും ഫലത്തിൽ കശ്മീർ വേറിട്ടുപോകണമെന്ന വാദക്കാരാണ് എന്നത് മാത്രമാണ് മാധ്യമങ്ങൾ കൽപ്പിച്ചുകൊടുത്ത വ്യത്യാസം. കശ്മീരിയത്ത് എന്ന 'സിദ്ധാന്ത'ത്തെ അനുകൂലിക്കുന്നുണ്ടെങ്കിൽ കൂടി കശ്മീരിനെ ഇന്ത്യ എങ്ങനെ നോക്കിക്കാണുന്നുവെന്ന് വിദേശകാര്യമന്ത്രാലയത്തിന്റെ പദവിയിലിരുന്ന് അടുത്തറിയുക കൂടി ചെയ്തയാളാണ് ഉമർ. ദൽഹിയിലെ അധികാരിവൃത്തങ്ങളിൽ ഉമറിനുള്ള സ്വാധീനവും അതിലുപരി ദൽഹിയിലെ അധികാരവൃത്തങ്ങൾക്ക് ഉമറിനോടുള്ള മമതയും കശ്മീരികൾക്ക് മുഖ്യമന്ത്രി എന്ന നിലയിൽ ഭരണമേഖലയിൽ ഗുണം ചെയ്യേണ്ടതാണ്. കോൺഗ്രസിനൊപ്പമായാലും ഇല്ലെങ്കിലും ഉമറിന് തനിക്കാവശ്യമുള്ള ഫണ്ടുകൾക്ക് വേണ്ടി ദൽഹിയിൽ വല്ലാതെയൊന്നും ചുറ്റിത്തിരിയേണ്ടി വരുമായിരുന്നില്ല. ഭരണം എന്നത് അടിസ്ഥാന സൗകര്യങ്ങളുടെ വികസനം മാത്രമാണെന്ന ആധുനിക ഇന്ത്യൻ സമൂഹത്തിന്റെ രാഷ്ട്രീയ സ്വാർഥതക്ക് ഏറ്റവും ഇണങ്ങുന്ന കഥാപാത്രം തന്നെയായിരുന്നു ഉമർ.... എത്രത്തോളമെന്നുവെച്ചാൽ കശ്മീരിന് മാറ്റം കൊണ്ടുവരാൻ പോകുന്ന ഒബാമയാണ് ഉമറെന്നു പോലും എൻ.ഡി.ടി.വി അഭിപ്രായപ്പെട്ടു.

പക്ഷേ അബ്ദുല്ല കുടുംബത്തിൽ യഥാർഥ സിംഹങ്ങളും ജീവിച്ചിരുന്നു. വിദ്യാഭ്യാസത്തിനായി കശ്മീരിൽനിന്നും അലിഗഢ് യൂനിവേഴ്സിറ്റിയിലേക്ക് പുറപ്പെട്ടു പോയ, പക്ഷേ തിരിച്ചെത്തി സ്വന്തം നാടിന്റെ ഭാഗധേയം നിർണയിച്ച, കശ്മീരിന്റെ പ്രധാനമന്ത്രിയായി സ്വയം പ്രഖ്യാപിച്ച തന്റെ പിതാമഹനെ കുറിച്ച് പുതിയ മുഖ്യമന്ത്രി ഒന്നും കേട്ടിട്ടില്ല എന്നാണ് തോന്നുന്നത്. ഇന്ദിരാഗാന്ധിയെ മുട്ടുകുത്തിച്ച ആ പോരാട്ടവീര്യത്തിന്റെ നൂറിലൊന്നു 'പൊട്ടൻസ്' പോലും അബ്ദുല്ല കുടുംബത്തിന്റെ ഇളമുറക്കാരനിലില്ല. ചെറുപ്പക്കാരനായ മുഖ്യമന്ത്രി എന്ന നിലയിൽ തുടക്കം ഗംഭീരമായെങ്കിലും കേന്ദ്രസർക്കാറിനേക്കാൾ നാണംകെട്ട പോക്കാണ് ഉമറിന്റേത്. സോഫിയാനിൽ രണ്ട് യുവതികളെ സുരക്ഷാ സൈനികർ ബലാൽസംഗം ചെയ്തു കൊന്നുവെന്ന ആരോപണമുയർന്നപ്പോൾ അതിനെ ന്യായീകരിക്കേണ്ട ഒരു ആവശ്യവുമുണ്ടായിരുന്നില്ല ഉമറിന്. സോഫിയാനിൽ ബലാൽസംഗം നടന്നിട്ടില്ലെന്നും യുവതികൾ വെള്ളത്തിൽ മുങ്ങിമരിച്ചതാണെന്നുമാണ് ഉമർ അന്ന് ജനങ്ങളോടു പറഞ്ഞത്. ബലാൽസംഗങ്ങളും കസ്റ്റഡി മരണങ്ങളും നിത്യസംഭവമായ കശ്മീരിൽ മാറ്റത്തിന്റെ മിശിഹയായി വന്ന ഉമർ ജനമനസ്സിൽ നിന്നും പരമദയനീയമാം വിധം പടിയിറങ്ങി. ജുഡീഷ്യൽ അന്വേഷണം കഴിഞ്ഞതോടെ തന്റെ പ്രസ്താവന തിരുത്തേണ്ടി വന്നുവെങ്കിലും സോഫിയാനിലെ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുക മാത്രമാണ് കേസിലുണ്ടായത്.

ഏഴു മാസക്കാലം പിന്നിടുമ്പോഴും ഒരു മേഖലയിലും സാന്നിധ്യമറിയിക്കാനാവാതെ തപ്പിത്തടയുന്ന ഭരണമാണ് ഉമർ അബ്ദുല്ലയുടേത്. കശ്മീരികൾക്ക് സുരക്ഷ നൽകാനോ അവർക്ക് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തികൊടുക്കാനോ സംസ്ഥാനത്തെ യുവാക്കൾക്ക് കുടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനോ ഉമറിന് കഴിഞ്ഞിട്ടില്ല. ഈ പരാജയങ്ങളെ ആയുധമാക്കിയെടുക്കാനല്ല പക്ഷേ പി.ഡി.പി പരിശ്രമിക്കുന്നത്. ഉമർ എന്ന വ്യക്തിയെ താറടിക്കാനാണ്. അതുകൊണ്ടാണ് മുസഫർ ഹുസൈൻ ബേഗിന്റെ ആരോപണം ഒടുവിൽ അവർക്ക് തിരിച്ചടിയായതും യഥാർഥ പ്രശ്നങ്ങളിൽ നിന്നും തടിയൂരി ഉമർ തൽക്കാലത്തേക്കു രക്ഷപ്പെട്ടതും. 2006-ലെ ബലാൽസംഗ കേസിൽ സി.ബി.ഐ തയാറാക്കിയ പ്രതിപ്പട്ടികയിൽ ഉമറും ഉൾപ്പെട്ടിരുന്നുവെന്ന് ആരോപണം കേന്ദ്രസർക്കാർ നിഷേധിച്ചതോടെ യഥാർഥ പ്രശ്നങ്ങൾ തൽക്കാലത്തേക്കെങ്കിലും ജനശ്രദ്ധയിൽ നിന്നും മാഞ്ഞു. സോഫിയാൻ കേസിനെ ചൊല്ലി പി.ഡി.പി തുടങ്ങിവെച്ച സമരം എവിടെയുമെത്താതെ അവസാനിക്കുകയും ചെയ്തു. പാകിസ്താനുമായി ആരംഭിക്കുന്ന പുതിയ ചർച്ചകളുടെ സാഹചര്യത്തിൽ കശ്മീരിലെ മുഖ്യമന്ത്രി പദവിയിൽ ഉമർ അബ്ദുല്ല തുടരുന്നത് കേന്ദ്രസർക്കാറിനെ സംബന്ധിച്ചേടത്തോളം അനിവാര്യമായിരുന്നു. അതായിരിക്കണം സി.ബി.ഐ ഹരജിപ്പുറത്ത് മറുപടി നൽകാനുണ്ടായ കാരണവും. 'പ്രതിഛായ കൂടിയ' ഉമർ പക്ഷേ പ്രതീക്ഷകൾ നിറവേറ്റുമോ എന്നതാണ് അടിസ്ഥാനപരമായ സംശയം. ■